**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2025.** **15.07.2016 ന് മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മദ്യ ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബാറുകൾ അടച്ചു പൂട്ടിയതിനുശേഷം മദ്യ ഉപഭോഗത്തിൽ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് 2014-15, 2015-16 വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപ്പനയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്. എന്നാൽ 2015-16 കാലയളവിൽ ബിയറിന്റെ വിൽപ്പന ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | 2014, 2015, 2016 വർഷങ്ങളിലെ മദ്യ ഉപഭോഗത്തിന്റെ താരതമ്യം ലഭ്യമാക്കാമോ; | (ബി) | ബിവറേജസ് കോർപ്പറേഷന്റെ 2013-14, 2014-15, 2015-16 കാലയളവുകളിൽ വിൽപ്പന നടത്തിയ മദ്യത്തിന്റെയും ബിയറിന്റെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

**വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവ്**

| വർഷം | വിൽപ്പന (കെയ്സുകൾ ലക്ഷത്തിൽ) | മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിലുണ്ടായ വ്യത്യാസം |
|---|---|---|
| 2013-14 | 240.67 | -1 % |
| 2014-15 | 220.58 | -8 % |
| 2015-16 | 201.75 | -9 % |

**ബിയറിന്റെ വിൽപ്പനയുടെ അളവ്**

| വർഷം | വിൽപ്പന (കെയ്സുകൾ ലക്ഷത്തിൽ) | മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പനയിലുണ്ടായ വ്യത്യാസം |
|---|---|---|
| 2013-14 | 107.96 | 6 % |
| 2014-15 | 95.59 | -11 % |
| 2015-16 | 154.20 | 61 % |

| | | | |
|---|---|---|---|
| സി) | ബാറുകൾ പൂട്ടിയതിനു ശേഷം | (സി) | നിലവിലുള്ള മദ്യനയം പ്രാവർത്തികമായതിനു ശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും |

സംസ്ഥാനത്ത് കഞ്ചാവ് തുടങ്ങിയ മറ്റ് ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

കഞ്ചാവിന്റെയും വ്യാപനവും വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് നിലവിലുള്ള മദ്യനയം നടപ്പിലാക്കിയതിന് ശേഷം എൻ.ഡി.പി.എസ് കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2013-14 മുതൽ 2016-17 (മേയ് വരെയുള്ള) വർഷങ്ങളിൽ കണ്ടെത്തിയ എൻ.ഡി.പി.എസ് കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **വർഷം** | **കേസുകളുടെ എണ്ണം** |
|---|---|
| 2013-14 | 860 |
| 2014-15 | 1021 |
| 2015-16 | 1704 |
| 2016-17 (മെയ് വരെ) | 377 |

മദ്യത്തിന്റെ ലഭ്യത കുറഞ്ഞതും മദ്യം ഉപയോഗിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ലാതായതും മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാന കാരണമായി കരുതുന്നു. സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും കൂടുതൽ സൗകര്യപ്രദമായതിനാലും തുടർച്ചയായ ഉപയോഗം അഡിക്ഷൻ ഉണ്ടാക്കുന്നതിനാലും മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിക്കുന്നതിന് കാരണമാകുന്നു. 1985 ലെ എൻ.ഡി.പി.എസ് ആക്ട് പ്രകാരം കുറഞ്ഞ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനെതിരെ ചെറിയ ശിക്ഷ മാത്രമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇക്കാരണത്താൽ കുറഞ്ഞ അളവിൽ മാത്രം മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിനെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പ്രതികൾക്ക് പെട്ടെന്ന് ജാമ്യം ലഭിക്കുകയും ചെറിയ ശിക്ഷ മാത്രം ലഭിക്കുമെന്നതിനാൽ തുടർന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിന് സാഹചര്യമുള്ളതുകൊണ്ട് കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടും ഉപഭോഗം കുറയാതിരിക്കുന്നതിന് കാരണമാകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**